ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

അലോപ്പതി ആശുപത്രി

*വ്യ ൽ. (ൻ ൽ) ശ്രീ. സി. സി. പ്രസാദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊടകരയിലെ ആയുർവ്വേദാശുപത്രിക്ക് പകരം ഒരലോപ്പതി ആശുപത്രി സ്ഥാപിക്കുവാൻ കൊടകരയിലെ പൌരന്മാർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) അതിനു നടപടിയെന്തു് എത്രത്തരം നൽകി എന്നു പറയുവാൻ ദയവുണ്ടാകുമോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) കൊടകരയിലെ ജനങ്ങളുടെ വൈദ്യസഹായത്തിനു് അവിടത്തെ ആയുർവ്വേദാശുപത്രി പോരാത്തതാണെന്നും അതുകൊണ്ടു് അവിടെ ഒരു അലോപ്പതിക്കു് ആശുപത്രി ആവശ്യമാണെന്നും കാണിച്ചു് ഒരപേക്ഷ കിട്ടിയിട്ടുണ്ടു്.

(ബി) സമീപപ്രദേശങ്ങളായ പുതുക്കാടു്, ഇരിങ്ങാലക്കുട, ചാവക്കാടു് എന്നിവടങ്ങളിൽ ഗവൺമെന്റുവക അലോപ്പതിക്കു് വൈദ്യസ്ഥാപനങ്ങൾ ഉള്ളതുകൊണ്ടു് കൊടകരയിൽ ഒരു ഗവൺമെന്റു് ഡിസ്പെൻസറി അത്യാവശ്യമില്ലെന്നു് മറുപടി നൽകി.

Unstarred Questions

ആശുപത്രി കെട്ടിടം

൨൯. (൭) ശ്രീ. വി. കെ. വല്ലീസ്: താഴെകാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

പത്തനംതിട്ട ടൌണിൽ ആശുപത്രിക്കുവേണ്ടി ഒരു കെട്ടിടം ഗവൺമെന്റിൽനിന്നും പണികഴിപ്പിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ;

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

ഉണ്ടു്.

ആശുപത്രികളിൽ ഡോക്ടർമാരുടെ അഭാവം

൩൦. (൨) ഡാക്ടർ എം. ഒ. ചെറിയാൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മെഡിക്കൽ മന്ത്രി സദയം മറുപടി നൽകുമോ.—

ദേവികുളം താലൂക്കിൽ മറയൂർ, ഉടുമ്പൻചോല, ദേവികുളം, ചിത്തിരപുരം ഈ ആശുപത്രികളിൽ കഴിഞ്ഞ ആറുമാസക്കാലത്തിൽ എത്രനാൾ ഡാക്ടർമാർ ഇല്ലാതിരുന്നിട്ടുണ്ടെന്നു് ദയവായി പറയാമോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

മറയൂർ ആശുപത്രിയിൽ കഴിഞ്ഞ രണ്ടു വർഷമായും, ഉടുമ്പൻചോല, ദേവികുളം, ഈ ആശുപത്രികളിൽ യഥാക്രമം ൧–൧–൫൦ മുതലും,

LIBRARY ARCHIVES Kerala Legislative Assembly

ൻ–൭–൫ ൦ മുതലും, ചിത്തിരപുരം ആശുപത്രിയിൽ ൨൯–൫–൫ ൦ മുതൽ ൨൩–൭–൫ ൦ വരെയും ഡാക്ടർ ഉണ്ടായിരുന്നില്ല.

സ്കൂളുകളുടെ എണ്ണം

൩൨. (൯) ശ്രീ. ഒക. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തെ ആകെയുള്ള സ്കൂളുകളുടെ എണ്ണം എത്രയെന്നും, അവയിൽ പ്രൈമറിസ്കൂൾ, മിഡിൽസ്കൂൾ, ഹൈസ്കൂൾ ഇവകൾ തിരുവിതാംകൂർ വിഭാഗത്തിൽ എത്ര വീതമെന്നും പറയുമോ;

(ബി) തിരുവിതാംകൂർ വിഭാഗത്തിലെ മാനേജ്മെൻറ് സ്കൂളുകളുടെ എണ്ണം എത്രയെന്നു പറയുമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) തിരുവിതാംകൂറിലും കൊച്ചിയിലുംകൂടി ആകെയുള്ള സ്കൂളുകൾ ൫൨൨൩.

അതിൽ തിരുവിതാംകൂറിൽ മാത്രമുള്ള പ്രൈമറി സ്കൂളുകൾ ൩൩൭൭. മിഡിൽസ്കൂളുകൾ ൭൭൫. ഹൈസ്കൂളുകൾ ൩൨൭.

(ബി) തിരുവിതാംകൂറിലെ മാനേജ്മെൻറ് പ്രൈമറി സ്കൂളുകൾ ൨൩൨൨.

ടി മിഡിൽ സ്കൂളുകൾ ൫൩൫.

ടി ഹൈസ്കൂളുകൾ ൨൩൩.

ചേർത്തല താലൂക്കാശുപത്രി

൩൩. (൩) ശ്രീ. കൃഷ്ണനയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ചേർത്തല താലൂക്കാശുപത്രിയിൽ ൨൯൫൭, ൨൯൫൮ ഈ വർഷങ്ങളിൽ ചികിത്സിച്ചിട്ടുള്ള രോഗികളുടെ സംഖ്യ എത്ര; അതിൽ ഓരോ കൊല്ലത്തിലും കിടത്തി ചികിത്സിച്ചിട്ടുള്ളവർ എത്ര;

(ബി) ടി ആശുപത്രിയിൽ ഒരേ സമയത്ത് ആകെ എത്ര പുരുഷന്മാരെ കിടത്തി ചികിത്സിക്കാനുള്ള മുറികളും കിടക്കകളും ഉണ്ട്; എത്ര സ്ത്രീകളെ കിടത്തി ചികിത്സിക്കുവാനുള്ള സൌകര്യങ്ങളും ഉണ്ട്?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ൨൯൫൭–ൽ ൭൭൩൫ൽ. ൨൯൫൮–ൽ ൫൫൨൯ പേർ, ൨൯൫൭–ൽ കിടത്തി ചികിത്സിച്ചിട്ടുള്ളവർ ൩൩൦. ൨൯൫൮–ൽ ൭൫൨.

(ബി) പുരുഷന്മാരെ കിടത്തി ചികിത്സിക്കുവാൻ നാല്പത് മുറികളും പതിനെട്ട് കിടക്കകളും ഉണ്ട്. ഇതു കൂടാതെ പത്തു രോഗികളെ കിടത്തി ചികിത്സിക്കുവാൻ സൌകര്യമുള്ള ഒരു പുതിയ വാർഡ് എക്സ്സർവീസ്മെൻസ് ബെനിവൊളണ്ടുഫണ്ടിൽനിന്നും പണം ചിലവിട്ട് കെട്ടിയിട്ടുണ്ട്. സ്ത്രീകളെ കിടത്തി ചികിത്സിക്കുവാൻ നാല് മുറികളിൽ ൨൫ കിടക്കകളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly